ഒറ്റശേഖരമംഗലം കൃഷിവികസന ആഫീസ്

235 [289] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റശേഖരമംഗലം കൃഷിവികസന ആഫീസിനുവേണ്ടി സ്വന്തമായി സർക്കാർ കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൃഷിവികസന ആഫീസ് പ്രസ്തുത കെട്ടിടത്തിലേക്ക് മാറാഞ്ഞതിനുള്ള കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

കോട്ടയം കൃഷിവകുപ്പു സബ്ഡിവിഷനിലെ ഡമോൺസ്ട്രേറ്റർമാരുടെ ആഫീസുകൾ

236 [290] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം കൃഷി വകുപ്പു സബ്ഡിവിഷനിലെ പുതുപ്പള്ളി, അകലകുന്നം, പാമ്പാടി, വിജയപുരം, പള്ളിക്കത്തോട്, വാകത്താനം എന്നീ കൃഷിവികസന ആഫീസുകളുടെ കീഴിൽ എത്ര ഡമോൺസ്ട്രേറ്റർമാരുടെ ആഫീസുകളാണ് പ്രവർത്തിക്കുന്നത് ;

(ബി) ഇതിൽ എവിടെയെല്ലാം ആഫീസ് കെട്ടിടം പണി പൂർത്തിയായി, എവിടെയെല്ലാം പണി നടന്നുകൊണ്ടിരിക്കുന്നു ;

(സി) സ്ഥലം സൗജന്യമായി ലഭിച്ചാൽ എവിടെയെല്ലാം കെട്ടിടം പണിയുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ആറ് അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ യൂണിറ്റുകളുടെ പ്രവർത്തനപരിധിയിൽ 30 കൃഷി ഡെമോൺസ്ട്രേറ്റർമാർ പ്രവർത്തിക്കുന്നു. അവർക്ക് പ്രത്യേകം ആഫീസുകളില്ല.

(ബി) ആഫീസ് കെട്ടിടങ്ങളൊന്നും പണിയുന്നില്ല. 10 അഗ്രിക്കൾച്ചറൽ, ഡമോൺസ്ട്രേറ്റർമാരുടെ കാർട്ടേഴ്സുകളുടെ (ആഫീസ്-കം-റസിഡൻസ്) പണി നടന്നുവരുന്നു.

(സി) ററി ആൻഡ് വി പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിനാൽ ഇപ്പോഴത്തെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്ന കെട്ടിടങ്ങൾക്കും പുറമേ പുതുതായി കെട്ടിടങ്ങൾ പണിയാൻ ഉദ്ദേശമില്ല.

വെറ്ററിനറി കോളേജുകൾ

237. [291] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി വെറ്ററിനറി കോളേജുകൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര കോളേജുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ആവശ്യത്തിനായി ഏതൊക്കെ സ്ഥലമാണെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ ജില്ലയിൽ വെറ്ററിനറി കോളേജ് തുടങ്ങുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) (ബി) ഒരു വെറ്ററിനറി കോളേജ് ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) ഏതൊക്കെ സ്ഥലമാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അന്തിമമായി തീരുമാനിച്ചിട്ടില്ല.

(ഡി) ഇല്ല.

പുതിയ വെറ്ററിനറി കോളേജ്

238. [292] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു പുതിയ വെറ്ററിനറി കോളേജ് ആരംഭിക്കുന്നതിന് സ്ഥലനിർണ്ണയം നടത്തുവാനും മറ്റും നിയോഗിച്ച സമിതിയുടെ ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സമിതിയെ എന്നാണ് നിയോഗിച്ചത് ;

(സി) റിപ്പോർട്ട് ഇനിയും ലഭിച്ചിട്ടില്ലെങ്കിൽ അതിന് കാരണമെന്താണ് ;

(ഡി) ലഭിച്ചെങ്കിൽ അതിൻമേൽ ഗവൺമെന്റ് കൈക്കൊണ്ട തീരുമാനം എന്താണ്; റിപ്പോർട്ടിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1985 ഒക്ടോബർ മാസം 10-ാം തീയതി.

(സി) ശുപാർശകൾ സമർപ്പിക്കുന്നതിനായി വിദഗ്ദ്ധ സമിതിക്ക് നിരവധി സ്ഥലങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട വിവിധ സംഗതികളെ കുറിച്ച് ബൃഹത്തായ വിവരങ്ങൾ ശേഖരിക്കുകയും വേണം. ഇതിനു പുറമേ സമിതിയിലെ ഒരു അംഗം കുറച്ചുകാലത്ത് വിദേശത്തായിരുന്നതും മറ്റൊരു അംഗം അദ്ദേഹത്തിന്റെ ഔദ്യോഗികപദവി മാറിയതും റിപ്പോർട്ട് സമർപ്പിക്കുന്നതിന് താമസമായി എന്നിരുന്നാലും 1986 നവംബർ മാസാവസാനത്തോടെ റിപ്പോർട്ട് സർക്കാരിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly